കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## അന്തർദേശീയ നാടകോത്സവത്തിൽ നാടകം അവതരിപ്പിക്കുന്നതിന് അപേക്ഷിക്കാം

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന അന്തർദേശീയ നാടകോത്സവം-2023ൽ (ഇറ്റ്ഫോക്ക്) നാടകം അവതരിപ്പിക്കുന്നതിന് അപേക്ഷകളും നോമിനേഷനുകളും ക്ഷണിച്ചു. അപേക്ഷകളും നോമിനേഷനുകളും 2022 നവംബർ 12 നകം ഓൺലൈനായി സമർപ്പിക്കണം. അന്തർദ്ദേശീയ വിഭാഗത്തിലേക്കും ദേശീയ വിഭാഗത്തിലേക്കുമുള്ള നാടകങ്ങളാണ് ക്ഷണിച്ചത്. മലയാള നാടകങ്ങളെ ദേശീയ വിഭാഗ ത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നിക്കണം മാനവികത എന്നതാണ് ഇത്തവണത്തെ പ്രമേയം. വിവിധ ഭാരതീയ ഭാഷകളിൽ നിന്നും ഇംഗ്ലീഷിൽ നിന്നുമുള്ള നാടകാവതരണങ്ങളാണ് ദേശീയ വിഭാഗത്തിൽപ്പെടുന്നത്. നോമിനേഷനുകൾ ക്ഷണിക്കുന്നത് അന്തർദ്ദേശീയ നാടകോത്സവ ക്യുറേറ്റർമാരിൽ നിന്നും തിയേറ്ററിനെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നവരിൽ നിന്നും പ്രോഗ്രാമുകൾ ചെയ്യുന്നവരിൽ നിന്നുമാണ്. നോമിനേഷനുകൾ അന്താരാഷ്ട്രതലത്തിൽ നിന്നുള്ള അവതരണങ്ങൾക്ക് മാത്രമായിരിക്കും ബാധകം. അതിന്റെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള അന്തിമകാര്യങ്ങൾ ഫെസ്റ്റിവൽ ഡയറക്ടറേറ്റിൽ നിക്ഷിപ്തമായിരിക്കും. നാടകാവതരണങ്ങൾ വാചികമോ, അല്ലാത്തതോ ആവാം. കായിക നാടകങ്ങൾ, പാവക്കൂത്തുകൾ, മൾട്ടിമീഡിയ അവതരണങ്ങൾ, നൃത്ത-സംഗീത നാടകങ്ങൾ ഇവയിലേതുമാകാം.https://www.theatrefestivalkerala.com എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കുന്ന,പൂർണ്ണമായ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു. അയക്കുന്ന വീഡിയോയുടെ നിലവാരം അപേക്ഷകർ തന്നെ ഉറപ്പുവരുത്തേണ്ടതാണ്.

സെക്രട്ടറി